സാഹിത്യവാരഫലം

1993/12/19 (കലാകൗമുദി)

എം. കൃഷ്ണൻ നായർ

Copyright © 2014-2022, J. Vijayamma. The electronic versions are released under the provisions of Creative Commons Attribution Non-Commercial Share Alike license for free download and usage. Sayahna Foundation, JWRA 34, Jagathy, Trivandrum, India 695014. URL: http://www.sayahna.org

സാഹിത്യവാരഫലം

1993/12/19-ൽ കലാകൗമുദി വാരികയിൽ പ്രസിദ്ധീകരിച്ചത്.



നിക്കോസ് കാസാൻദ്സാക്കീസ്

ഈ നൂറ്റാണ്ടു കണ്ട നോവലെഴുത്തുകാരിൽ ഉത്കൃഷ്ടനായ നിക്കോസ് കാസാൻദ്സാക്കീസ് (Nikos Kazantzakis 1883–1957) The Last Temptation[1] എന്ന നോവൽ എഴുതിയതിന്റെ പേരിൽ 'കരിശിൽ തറയ്ക്കപ്പെട്ട' കയുണ്ടായി. അദ്ദേഹത്തിന്റെ വേറൊരു നോവലാണ് Freedom or Death. കാസാൻദ്സാക്കീസ് ഭാര്യയ്ക്ക് (Helen) എഴുതിയ ഒരു കത്തിൽ പറയുന്നു:

> "Freedom or Death ഇപ്പോഴും ഗ്രീസിലുള്ളവരെ ദേഷ്യപ്പെടുത്തിക്കൊണ്ടിരിക്കുന്നു. കീയോസിലെ ബിഷപ്പ് (Khios or Chios—കിഴക്കൻ ഗ്രീസിലെ ഒരു ദ്വീപ്) അത് ലജ്ജാകരവും രാജ്യദ്രോഹപരവും മതവിരുദ്ധവും ക്രീറ്റിനെതിരെയുള്ള ദുരാരോപണവുമാണെന്നു കുറ്റപ്പെടുത്തിയിരിക്കുന്നു (Crete, Greek Kriti—തെക്കുകിഴക്കൻ ഗ്രീസിലെ ദ്വീപ്). അപ്പോൾ ഭവതിക്കു സങ്കല്പിക്കാം എന്റെ ജന്മഭൂമി ഏതൊരു മ്ലേച്ഛാവസ്ഥയിലാണ് കിടന്നരുളുന്നതെന്ന്. അതായത് ഗ്രീക്ക് ഉദ്യോഗസ്ഥരും രാഷ്ട്രവ്യവഹാരക്കാരും പള്ളിമേധാവികളും. അമേരിക്കയിലെ യാഥാസ്ഥിതികരായ പള്ളിമേധാവികൾ The Last Temptation-നെ ഏറ്റവും അമാന്യവും നിരീശ്വരപരവും രാജ്യദ്രോഹപരവുമായി സമ്മേളനം കൂടി നിന്ദിച്ചു… ഇവിടെ ഏകാന്തതയിൽ, ശാന്തതയിൽ, കൃത്യനിർവഹണത്തിൽ മനസ്സുറപ്പിച്ച് എന്റെ കഴിവനുസരിച്ച് ഗ്രീക്ക് ഭാഷയ്ക്കും ഗ്രീക്ക് ചൈതന്യത്തിനും രൂപം നല്കിക്കൊണ്ട് ഞാൻ ഇരിക്കുന്നു. റ്റർറ്റ്യൻ[2] എഴുതിയതുപോലെ 'To thy Court I appeal, O Lord' ("പ്രഭോ അങ്ങയുടെ കോടതിയിലേക്കാണ് എന്റെ ആശ്രയാഭ്യർത്ഥന").

1. 1951-ൽ പ്രസാധനം. ഇംഗ്ലീഷ് തർജ്ജമ The Last Temptation of Christ എന്ന പേരിൽ 1960-ൽ പ്രസാധനം.
2. Tertullian (160–230), റോമൻ മതപണ്ഡിതൻ.

യേശുക്രിസ്തുവിനെ മഗ്ദലനമറിയത്തോട് അനഭിലഷണീയമായി, സ്വപ്നത്തിലാണെങ്കിലും ബന്ധിപ്പിച്ച് നോവലെഴുതിയ കാസാൻദ്സാക്കിസിന് തന്റെ പ്രവർത്തനത്തെ നീതിമത്കരിക്കാൻ പലതും കാണുമെങ്കിലും അതു ശരിയായില്ലെന്ന് കരുതുന്നവനാണ് ഈ ലേഖകൻ. നമ്മൾ സംസ്കാര ഭദ്രമായി പെരുമാറുന്നതിനു കാരണം ലോകാചാര്യന്മാർ നമ്മുടെ ജീവരക്തത്തിൽ കലർത്തിയ ഉത്കൃഷ്ടങ്ങളായ ആശയങ്ങളാണ്. അവർ ജീവിത വിശുദ്ധിയും ആധ്യാത്മിക വിശുദ്ധിയുമുള്ളവരായിരുന്നു. യേശുക്രിസ്തുവിന്റെ സ്വഭാവമാഹാത്മ്യം പുതിയ നിയമത്തിൽ നിന്നു നമ്മൾ മനസ്സിലാക്കിയിട്ടുണ്ട്. ആ സ്വഭാവത്തെ വേണമെങ്കിൽ വിമർശിക്കൂ. പക്ഷേ, അദ്ദേഹത്തിന് ഇല്ലാതിരുന്ന ദോഷം ഉണ്ടായിരുന്നുവെന്നു വരുത്തി ഒരു പുതിയ യേശുക്രിസ്തുവിനെ സൃഷ്ടിക്കുന്നതു തെറ്റാണ്. ശ്രീരാമൻ ബാലിയെ കൊന്നതു തെറ്റ്, ദശരഥനെ ശകാരിച്ചതു തെറ്റ്, സീതയെ ഉപേക്ഷിച്ചതു തെറ്റ് എന്നൊക്കെപ്പറയാം. എന്നാൽ ശ്രീരാമൻ ഭരതന്റെ ഭാര്യയുമായി ലൈംഗികവേഴ്ച നടത്തിയിരുന്നുവെന്നു പറയുന്നത് മഹാപരാധമാണ്. ഒന്നുകൂടി പറയട്ടെ. നമുക്കു വ്യക്തികളുടെ പ്രവർത്തനങ്ങളെ വിമർശിക്കാം. അവരുടെ സ്വഭാവത്തെ വേറൊന്നാക്കി പ്രദർശിപ്പിക്കാൻ അധികാരമില്ല. മിസ്റ്റിക്കായ ശ്രീരാമകൃഷ്ണ പരമഹംസൻ വ്യഭിചാരിയായിരുന്നുവെന്നു സ്ഥാപിച്ച് ഒരാൾ നോവലെഴുതിയാൽ ഹിന്ദുവല്ലാത്തവന്റെ രക്തം കൂടി തിളയ്ക്കില്ലേ? സൽമാൻ റുഷ്ദി പ്രവാചകനെ നിന്ദിച്ചപ്പോഴും എനിക്ക് അസ്വസ്ഥതയുണ്ടായതിനു ഹേതു ഇതുതന്നെ.



ഷൂസ്സേ സാറാമാഗു

മുകളിൽപ്പറഞ്ഞ പരമാർത്ഥം ഒട്ടും വിസ്മരിക്കാതെയാണ് അതിസുന്ദരമായ ഒരു നോവലിനെക്കുറിച്ച് ഞാൻ ഇനി എഴുതുന്നത്. പോർച്ചുഗലിലെ ഏകശാസനാധിപത്യം തകർന്നതിനുശേഷം 1978-ൽ അവിടെ പ്രസിദ്ധപ്പെടുത്തിയ Baltasar and Blimunda എന്ന നോവൽ പൊടുന്നനെ രാഷ്ട്രാന്തരീയ പ്രശസ്തി നേടി. അതിന്റെ രചയിതാവ് ഷൂസ്സേ സാറാമാഗു (Jose Saramago). ആ നോവൽ കൈയിലില്ലെങ്കിലും ഞാനിതുവരെ അതു വായിച്ചില്ല. സാറാമാഗുവിന്റെ രണ്ടാമത്തെ കൃതിയായ The Year of the Death of Ricardo Reis-നു Independant Foreign Fiction Award ലഭിച്ചു. ഈ ലേഖകൻ അതു കണ്ടിട്ടില്ല. 1993-ൽ പ്രസിദ്ധപ്പെടുത്തിയ The Gospel According to Jesus Christ എന്ന നോവൽ ഇപ്പോൾ വായിച്ചുതീർത്തു. അതിന്റെ സൗന്ദര്യാതിശയവും പ്രൗഢതയും കണ്ട് നോവലിന്റെ അവസാനത്തെപ്പുറത്തിൽ A marvellous work of art എന്നു എഴുതിപ്പോവുകയും ചെയ്തു. ഇതിലും യേശുക്രിസ്തുവിനു മഗ്ദലന മറിയത്തോടുണ്ടായ ലൈംഗികബന്ധം തികഞ്ഞ വൈഷയികത്വത്തോടുകൂടിത്തന്നെ പ്രതിപാദിച്ചിട്ടുണ്ട്. നസറേത്ത് പട്ടണത്തിൽ നിന്നു വളരെ ദൂരം നടന്ന് കാലിനു മുറിവു പറ്റിയ യേശുക്രിസ്തുവിനെ അവൾ ആ സ്ഥലത്തു വച്ചുകണ്ടു. രക്തവും വെറുപ്പുണ്ടാക്കുന്ന മഞ്ഞപ്പഴുപ്പും മറ്റു മാലിന്യങ്ങളും അവൾ അദ്ദേഹത്തിന്റെ പാദങ്ങളിൽ നിന്നു കഴുകിമാറ്റി. ഔഷധലേപനം നടത്തി… കിനാവുകളിലെന്നപോലെ അവൾ മെല്ലെ നടക്കുകയായിരുന്നു. അവൾ നടന്നുതുടങ്ങിയപ്പോൾ വസ്ത്രങ്ങൾ ഒഴുകിയിളകി ശരീരത്തിന്റെ വളവുകൾ കാണാറായി. അവളുടെ അരക്കെട്ടു അങ്ങോട്ടുമിങ്ങോട്ടും ചലനം കൊള്ളുകയാണ്. ഒരു ചെറിയ ഭരണിയുമെടുത്താണ് അവളുടെ ആഗമനം. മുറിവേറ്റ പാദം അവൾ വച്ചുകെട്ടി… യേശു അവളോടു പറഞ്ഞു: "നിന്റെ തലമുടി ഗിലിയദ് മലഞ്ചെരിവുകളിലൂടെ താഴോട്ടിറങ്ങുന്ന ആട്ടിൻകൂട്ടങ്ങളെ എന്നെ അനുസ്മരിപ്പിക്കുന്നു." ആ സ്ത്രീ ചിരിച്ചിട്ട് മിണ്ടാതിരുന്നു. യേശു പറഞ്ഞു: ബാത്ത്–റാബിം ഗെയ്റ്റിനടുത്തുള്ള ഹെഷ്ബൻ ജലാശയങ്ങളെപ്പോലെയാണ് നിന്റെ കണ്ണുകൾ… (ഇനിയുള്ള ഭാഗങ്ങൾ പ്രച്ഛന്നമായ രീതിയിൽപ്പോലും എഴുതാൻ എനിക്കു ധൈര്യമില്ല). ഈ വേഴ്ചയ്ക്കു ഫലമുണ്ടായി. മഗ്ദലനമറിയം അതിനുശേഷം വേശ്യാവൃത്തി ഉപേക്ഷിച്ചു.



നോവൽ തുടങ്ങുന്നത് അതിൽ ചേർത്തിട്ടുള്ള കരിശാരോഹണത്തിന്റെ ചിത്രത്തിന്റെ കലാത്മകമായ വിവരണത്തോടുകൂടിയാണ്. ശോപനിയാംഗമെന്നോ ജനനേന്ദ്രിയമെന്നോ വിളിക്കപ്പെടുന്ന ഭാഗം തുണ്ടുതുണിയാൽ മറയ്ക്കപ്പെട്ട കരിശിൽ തൂങ്ങിക്കിടക്കുന്ന മനുഷ്യൻ സ്വർഗ്ഗത്തേക്കു കണ്ണുകൾ ഉയർത്തിയിരിക്കുന്നതുകൊണ്ട് അദ്ദേഹം "നല്ല തസ്കര"നാവാം. ഇടതു വശത്തും, വലതുവശത്തും രണ്ടു 'ചീത്തക്കള്ള'ന്മാർ. അരമേത്തിയ ജോസഫ് ഒരു ഭാഗത്ത്; സ്ഥൂലിച്ച വക്ഷോജങ്ങളെ ഉയർത്തിക്കാണിക്കാൻ വേണ്ടി ഇറുകിപ്പിടിച്ച ബോഡീസ് ധരിച്ച ആ സ്ത്രീ മഗ്ദലനമറിയം തന്നെ. അവളുടെ പാപാത്മകമായ മാംസം നടന്നു പോകുന്നവരെ ആകർഷിക്കുന്നുണ്ടാവും. രണ്ടാമത്തെ സ്ത്രീയും മേരി തന്നെ. അവർ മരാശാരി ജോസഫിന്റെ വിധവയത്രേ. ഇങ്ങനെ ഓരോ വ്യക്തിയെയും വർണ്ണിച്ചതിനു ശേഷം നോവലിസ്റ്റ് യേശുവിന്റെ ജനനത്തിലേയ്ക്കും നിഷ്കളങ്കരായ കുഞ്ഞുങ്ങളെ ഹെറോദ് കൊന്നൊടുക്കിയതിലേക്കും ചെല്ലുന്നു.

പാപത്തിന്റെ കഥയാണ് സാറാമാഗുവിന്റെ നോവൽ. ഏതു പാപം? എന്തു പാപം? ഹെറോദ് ഇരുപത്തഞ്ചു കുഞ്ഞുങ്ങളെ കൊന്നൊടുക്കാൻ കാരാ ഉറയിൽ നിന്നു വലിച്ചുരിയപ്പോൾ യേശുവിന്റെ അച്ഛൻ ജോസഫ് സ്വന്തം പുത്രനെ ഒളിപ്പിച്ചു രക്ഷിച്ചു. കുഞ്ഞുങ്ങൾ വധിക്കപ്പെടുമെന്ന് നേരത്തേ അറിഞ്ഞ ജോസഫ് ആ വിവരം എന്തുകൊണ്ടു ആ കുഞ്ഞുങ്ങളുടെ അച്ഛനമ്മമാരെ അറിയിച്ചില്ല. സ്വാർത്ഥപ്രേരിത ജീവിതമായിരുന്നില്ലേ ജോസഫിന്റേത്. ഇത് യാചകന്റെ വേഷത്തിലെത്തിയ മാലാഖ മേരിയെ അറിയിക്കുന്നു. അച്ഛന്റെ ഈ പാപം മകനിൽ—യേശുവിൽ—വന്നുചേരുന്നു. അത് ദൈവപുത്രനെ അനുധാവനം ചെയ്യുന്നു. നോവലിലെ കഥയനുസരിച്ച് ജോസഫ് റോമൻ ഭടന്മാരാൽ കരിശിൽ തറയ്ക്കപ്പെടുകയാണ്. അച്ഛന്റെ മരണത്തിനുശേഷവും യേശു ആ പാപഭാരം ചുമന്നുനടക്കുന്ന ചിത്രം അസാധാരണമായ വിധത്തിലാണ്, അന്യാദൃശമായ രീതിയിലാണ് സാറാമാഗു വരയ്ക്കുന്നത്.

യേശുവിന്റെ കൈത്തണ്ടയിലെ മാംസത്തിലൂടെ അവർ ആദ്യത്തെ ആണി തറച്ചുകയറ്റി. അപ്പോൾ തന്റെ പിതാവ് ആദ്യമായി അനുഭവിച്ച വേദന അദ്ദേഹമറിഞ്ഞു. അച്ഛൻ കരിശിൽ കിടന്നതു കണ്ട യേശു തന്നെയും അതേ രീതിയിൽ കണ്ടു. അവർ പിന്നീട് മറ്റേക്കൈത്തണ്ടയിൽ ആണിയടിച്ചുകയറ്റി. ഉപ്പൂറ്റിയിലൂടെ വേറൊരു ആണി. യേശു മെല്ലെ മെല്ലെ മരിക്കുകയാണ്, മരിക്കുകയാണ്. ഈശ്വരൻ ചിരിക്കുന്നു. മനുഷ്യർ ഈശ്വരനു മാപ്പുകൊടുക്കുന്നു. ഈശ്വരൻ ചെയ്യുന്നതെന്തെന്ന് ഈശ്വരന് അറിഞ്ഞുകൂടാ… താൻ നസറേത്തിലാണെന്ന് യേശു കരിശിൽക്കിടന്നുകൊണ്ടു സ്വപ്നം കണ്ടു. ചൂമൽ കല്ലുകൾക്കൊണ്ട് അച്ഛൻ—ജോസഫ്—പുഞ്ചിരി പൊഴിക്കുന്ന കിനാവിൽ. താഴെയുള്ള ഇരുണ്ട പാത്രത്തിൽ സ്വന്തം രക്തം ഇറ്റിറ്റു വീഴുന്നതുമാത്രം യേശു കണ്ടില്ല.

നമ്മൾ സംസ്കാരഭദ്രമായി പെരുമാറുന്നതിനു കാരണം ലോകാചാര്യന്മാർ നമ്മുടെ ജീവിതത്തിൽ കലർത്തിയ ഉത്കൃഷ്ടങ്ങളായ ആശയങ്ങളാണ്. അവർ ജീവിതവിശുദ്ധിയും ആധ്യാത്മിക വിശുദ്ധിയുമുള്ളവരായിരുന്നു. യേശുക്രിസ്തുവിന്റെ സ്വഭാവമാഹാത്മ്യം പുതിയ നിയമത്തിൽനിന്നു നമ്മൾ മനസ്സിലാക്കിയിട്ടുണ്ട്. ആ സ്വഭാവത്തെ വേണമെങ്കിൽ വിമർശിക്കൂ. പക്ഷേ, അദ്ദേഹത്തിനു് ഇല്ലാതിരുന്ന ദോഷം ഉണ്ടായിരുന്നുവെന്നു വരുത്തി ഒരു പുതിയ യേശുക്രിസ്തുവിനെ സൃഷ്ടിക്കുന്നതു തെറ്റാണ്.

അച്ഛന്റെ പാപം മകനിൽ വന്നുചേരുന്നോ? ചേരുന്നുവെന്നാണ് സാറാമാഗു ഈ കലാസൃഷ്ടിയിലൂടെ പറയുന്നത്. മഗ്ദലനമറിയത്തെ സംബന്ധിച്ച വർണ്ണനയിലുള്ള എന്റെ പ്രതിഷേധം പ്രകടിപ്പിച്ചുകൊണ്ടു ഞാൻ പറയട്ടെ, മനുഷ്യമനസ്സിനെ ഉന്നമിപ്പിക്കാനുള്ള ശക്തി ഇതിനുണ്ട്. ആശയഗഹനതയിൽ, ആവിഷ്കാര ചാരുതയിൽ ഇത് അന്യാദൃശമാണ്. യേശു ക്രിസ്തുവിനെ കരിശിൽത്തറച്ചുകൊല്ലാൻ വിധിച്ച പൊൺഷ്യസ് പൈലറ്റ് (Pontius Pilate) പ്രധാന പുരോഹിതനോട് I have written what I have written എന്നു പറഞ്ഞു. കരിശിന്റെ മുകളിൽ എഴുതിവയ്ക്കുന്ന ഭാഗത്തു ഭേദഗതി വരുത്തണമെന്നു പുരോഹിതൻ പറഞ്ഞപ്പോൾ പൈലറ്റ് നല്കിയ മറുപടിയാണിത്. 'ഞാൻ എഴുതിയത് എഴുതിയതുതന്നെ' എന്ന് സാറാമാഗുവും ഈ നോവലിലൂടെ പറയുന്നുവെന്ന് എനിക്കു തോന്നുന്നു.

> "ഫലപ്രദമായ ആഖ്യാനത്തിന്റെ നിയമങ്ങളെക്കുറിച്ചു നിരൂപകൻ പര്യാലോചന ചെയ്യുമ്പോൾ ജീവിതത്തിലെന്നപോലെ കല്പിത കഥയിലും നിർണ്ണായകങ്ങളായ സംഘട്ടനങ്ങളിൽ യഥാർത്ഥ പ്രാധാന്യമില്ലാത്ത അസംഖ്യം സംഘട്ടനങ്ങൾ ഇടകലർത്തി വിതറണമെന്നും നെടുകെയും കുറുകെയും തിരുകണമെന്നും നിർബന്ധിക്കാറുണ്ട്. എങ്കിലേ സർവസാധാരണമായതൊന്നും സംഭവിക്കാത്ത സവിശേഷ തയാർന്ന മനുഷ്യജീവിയായി താൻ മാറിയിട്ടില്ലെന്ന് അയാൾക്കു തോന്നുകയുള്ളു."
>
> —സാറാമാഗു

മഷി കോരിയൊഴിക്കുന്നു



യേശുദാസ്

ശകുന്തളയുടെ നേർക്കു വണ്ട് പറന്നുചെന്നു ഭ്രമണം ചെയ്ത് അവളെ പീഡിപ്പിച്ചതു പോലെ ദേശ്യഭാഷകൊണ്ടു കലാംഗനയെ പീഡിപ്പിക്കുകയാണ്, 'ചക്രം' എന്ന ചെറുകഥയുടെ കർത്താവായ ശ്രീ. പി. ശങ്കരനാരായണൻ. ശകുന്തളയെ രക്ഷിക്കാൻ ദുഷ്യന്തനുണ്ടായിരുന്നു. കലാവനിതയെ രക്ഷിക്കാൻ ആരുമില്ല. പരശുരാമന് ഉറക്കം വന്നപ്പോൾ കർണ്ണന്റെ മടിയിൽ തലവച്ചുറങ്ങി. അപ്പോഴാണ് ഒരു വണ്ടുവന്നു കർണ്ണന്റെ തുടതുളച്ചു ചോരകുടിക്കാൻ തുടങ്ങിയത്. ഉറങ്ങുന്ന ഗുരുവിനെ ഉണർത്തുന്നതു ഗുരുനിന്ദയാവുമല്ലോ എന്നു കരുതി കർണ്ണൻ അനങ്ങാതെയിരുന്നു. പെട്ടെന്നു പരശുരാമൻ ഉണർന്നു. രക്തപ്രവാഹം. അദ്ദേഹം വണ്ടിനെ നോക്കിയപ്പോൾ അതു ചത്തുപോയി. രാക്ഷസനായിരുന്നു പോലും വണ്ട്. ദേശ്യഭാഷയെന്ന വണ്ട് അനുവാചകന്റെ തുടതുളച്ചു രക്തം കുടിക്കുന്നു. ചോരയൊഴുകുന്നു. വണ്ടിനെ ഇല്ലാതാക്കാൻ പരശുരാമനുണ്ടായിരുന്നു. അനുവാചകനു ആരുണ്ട്? ആരുമില്ല. ഈ വളച്ചുകെട്ടലെല്ലാം ഒഴിവാക്കിപ്പറയട്ടെ. ആറ്റുപുറത്തോളം ഇങ്ങോട്ടുള്ളവർക്കു മനസ്സിലാകാത്ത ദേശ്യഭാഷയിൽ കഥയെഴുതുകയെന്നു പറഞ്ഞാൽ അതിന്റെ പേരു സാഹസികത്വമെന്നാണ്. ഈ സാഹസിക്യം കൊണ്ടു രചയിതാവ് എന്തെങ്കിലും നേടുന്നുണ്ടോ? അതൊട്ടില്ലതാനും. ഫ്യൂഡൽ വ്യവസ്ഥിതിയിലെ മർന്ന രണ്ടു കുടുംബങ്ങൾ. ഒരു പെണ്ണിന്റെയും ചെറുക്കന്റെയും വിവാഹത്തിന്റെ ഫലമായി ആ രണ്ടു കുടുംബങ്ങളും ബന്ധപ്പെടുന്നു. ഒടുവിൽ കുടുംബങ്ങൾ ക്ഷയിക്കുന്നു. നാമാവശേഷമാകുന്നു. വെറും ആഖ്യാനമെന്നതിൽക്കവിഞ്ഞ് ഈ രചനയിൽ ഒന്നുമില്ല. കലാപരമായ ആവിഷ്കാരരീതിയെന്നു വിളിക്കാൻ വയ്യാത്ത ഒരു "ശിവണ്ടി ഭാഷ" കൊണ്ട് ഒരന്തരീക്ഷാഭാസം സൃഷ്ടിച്ചുവയ്ക്കുകയാണ് ശങ്കരനാരായണൻ. കടലാസ്സെടുത്തു വച്ചു മഷികോരിയൊഴിച്ചാൽ കഥയാവുമോ? കലയാവുമോ?

> മരണത്തിനുശേഷം ജീവിതത്തിന്റെ ദുഃഖങ്ങൾക്ക് എന്തു സംഭവിക്കുന്നുവെന്നു നമുക്കു യഥാർത്ഥത്തിൽ അറിഞ്ഞുകൂടാ. വിശേഷിച്ചും വേദനയുടെ അവസാനത്തെ നിമിഷങ്ങളിൽ. എല്ലാം മരണത്തോടെ അവസാനിക്കുന്നുണ്ടാവാം. പക്ഷേ, മരിച്ചത് എന്നു നാം കരുതുന്ന ശരീരത്തിൽ വളരെ മണിക്കൂറുകൾ നേരം വേദനയുടെ ഓർമ്മ തങ്ങിനില്ക്കുന്നുണ്ടോ എന്നതിൽ തീർപ്പു കല്പിക്കാനാവില്ല. വേദന ഒഴിവാക്കാനല്ലേ അവസാനത്തെ കൈയായി നിശ്ചേതന ശരീരം അഴുകലിനെ പ്രയോജനപ്പെടുത്തുന്നത് എന്ന വസ്തുതയും തള്ളിക്കളയാൻ വയ്യാത്തതാണ്.
>
> —സാറാമാഗു

ചോദ്യം, ഉത്തരം

ചോദ്യം: നിങ്ങൾ ഖദർ ധരിക്കുന്നതു കോൺഗ്രസ്സുകാരനായതുകൊണ്ടാണോ?

ഉത്തരം: തുണി വാങ്ങിച്ചുകൊടുത്തു ഷേർട് തയ്ക്കാമെന്നു വിചാരിച്ചാൽ മൂന്നുമാസത്തേക്കു തയ്യൽക്കാരൻ അതു തരില്ല. ഖദറല്ലാത്ത റെഡിമെയ്ഡ് ഷേർടിന് കുറഞ്ഞതു മുന്നൂറു രൂപ കൊടുക്കണം. അതുകൊണ്ടു ഞാൻ വിലകുറഞ്ഞ റെഡിമെയ്ഡ് ഖദർ ഷേർട് വാങ്ങുന്നു. മുണ്ട് ഖദറല്ലതാനും. കാഫ്കയുടെയും കമ്യൂവിന്റെയും ഷേർട്കൾ അവർക്കേ ചേരു. ഇവിടത്തെ ചില സാഹിത്യകാരന്മാർ അവയെടുത്തു ധരിച്ചു പരിഹാസപാത്രങ്ങളാവുന്നതുപോലെ ഞാൻ അളവു ശരിയല്ലാത്ത ഖദർ ഷേർട് ധരിച്ച് നിങ്ങളെക്കൊണ്ടു ചോദ്യം ചോദിപ്പിക്കുന്നു.

ചോദ്യം: യേശുദാസന്റെ പാട്ടിനുള്ള പ്രത്യേകതയെന്ത്?

ഉത്തരം: യേശുദാസൻ പാടുന്നതു കേട്ടാൽ നമുക്കു തോന്നും അതുപോലെ പാടാമല്ലോ എന്ന്. ഒന്നു പാടിനോക്കൂ. കാളരാഗമായിരിക്കും നമ്മുടേത്.

ചോദ്യം: തികഞ്ഞ ലജ്ജയുള്ള പുരുഷന്മാരെക്കുറിച്ച് എന്തു പറയുന്നു?

ഉത്തരം: നാണംകുണുങ്ങുന്ന പുരുഷന്മാർ സ്ത്രീ ജിതന്മാരായിരിക്കും. വേശ്യാലയം കണ്ടാൽ അവർ അതിനകത്തേക്ക് ലജ്ജകൂടാതെ കുതിച്ചുചെല്ലും.

ചോദ്യം: വൈരൂപ്യം എവിടെയും വൈരൂപ്യമല്ലേ?

ഉത്തരം: അല്ല. അച്ഛനും മകളും ഒരേ ഛായയായിരിക്കും. പക്ഷേ, അച്ഛൻ വിരൂപനും മകൾ അതിസുന്ദരിയുമായിരിക്കും. പെരുച്ചാഴി കയറിപ്പോകത്തക്ക വിധം വലിയ മൂക്കിൻ ദ്വാരങ്ങളുള്ള പുരുഷന്മാരുണ്ട്. അതു വൈരൂപ്യത്തിനാസ്പദം. പക്ഷേ, സുന്ദരിക്കാണ് വലിയ മൂക്കിൻദ്വാരങ്ങളുള്ളതെങ്കിൽ അവ അവളുടെ സൗന്ദര്യം കൂട്ടും.

ചോദ്യം: ഉറക്കമുണ്ടോ സാറേ?

ഉത്തരം: ഇല്ല. ഞാൻ മാത്രമല്ല ഉറങ്ങാതെ കിടക്കുന്നത്. തിരുവനന്തപുരം നഗരസഭ വളർത്തുന്ന കൊതുകുകൾക്കും ഉറക്കമില്ല.

ചോദ്യം: എനിക്കു മിന്നാമിനുങ്ങിനെ ഇഷ്ടമല്ല. നിങ്ങൾക്കോ?

ഉത്തരം: എനിക്കിഷ്ടമില്ലെന്നു മാത്രമല്ല അതിനെ പേടിക്കുകയും ചെയ്യുന്നു. ഞാൻ കിടക്കുന്ന മുറിയിൽ മിന്നാമിനുങ്ങു കയറിയാൽ എനിക്കു ഭയമാണ്. ചന്തിയിൽ വിളക്കു വച്ചുകൊണ്ടു നടക്കുന്ന ഈ ജീവിയെ ഒരു കവി നിന്ദിച്ചിട്ടുണ്ട്.

> മരം മുറിച്ചിടുമ്പോൾ അതു കരയുന്നു. പട്ടിയെ അടിക്കുമ്പോൾ അതു ഓരിയിടുന്നു. മനുഷ്യനെ പീഡിപ്പിച്ചാൽ അവനു പരിപാകം വരുന്നു.
>
> —സാറാമാഗു

മനസ്സിന്റെ ശീലം



സി. കേശവൻ

ഏതോ ഒരു സമ്മേളനത്തിനു പോകുമ്പോൾ എനിക്കു സമുന്നതനായ നേതാവ് സി. കേശവന്റെ വീട്ടിൽ ചെല്ലാനും അദ്ദേഹത്തെ കാണാനുമുള്ള ഭാഗ്യം കിട്ടി. ഞങ്ങളെ കണ്ടയുടനെ അദ്ദേഹം അകത്തു നിന്നു പൂമുഖത്തേക്കു വന്ന് 'ഇരിക്കു' എന്നു പറഞ്ഞു. എന്റെ കൂടെയുണ്ടായിരുന്ന ഒരു ചെറുപ്പക്കാരനു അദ്ദേഹത്തിന്റെ കൈയൊപ്പു വേണം. അയാൾ കൊച്ചു പുസ്തകവും പേനയും കേശവന്റെ കൈയിലേക്കു കൊടുത്തു. പേന എഴുതുന്നില്ലെന്നു കണ്ടപ്പോൾ യുവാവ് അദ്ദേഹത്തിന്റെ കൈയിൽ നിന്ന് അതു വാങ്ങി ശക്തിയോടെ നാലഞ്ചു തവണ കടഞ്ഞു. ഇടച്ചു വൃത്തിയാക്കിയിട്ടിരുന്ന തറയിൽ ഒരുപാട് മഷിത്തുള്ളികൾ വീണു. വീട് വൃത്തിഹീനമാക്കിയ യുവാവിന്റെ മുഖത്തു ദേഷ്യത്തോടെ നോക്കിയിട്ട് അദ്ദേഹം പറഞ്ഞു: "ഇതൊന്നും ശരിയല്ല. ശരിയല്ല കേട്ടോ." അങ്ങനെ അറിയിച്ചിട്ട് അദ്ദേഹം കൈയൊപ്പു പുസ്തകത്തിൽ ഇട്ടു കൊടുക്കുകയും ചെയ്തു.

ആരെക്കണ്ടാലും കൈപ്പൂക്കുന്ന ശീലം എനിക്കുണ്ടെന്ന് പി. കെ. ബാലകൃഷ്ണൻ എന്നെ അപമാനിച്ചെഴുതിയ ഒരു നോവലിൽ പറഞ്ഞിട്ടുണ്ട്. അദ്ദേഹം ചൂണ്ടിക്കാണിച്ച ആ ശീലം എന്റെ അബോധമനസ്സിന്റെ നന്മയാർന്ന മണ്ഡലത്തിൽനിന്ന് ഉദ്ഭവിക്കുന്നതാണ്.

ഒരു മഹാന്റെ നിർദ്ദേശമുണ്ടായിട്ടും ആ യുവാവ് അത്തരം കൃത്യങ്ങളിൽനിന്നു പിന്തിരിഞ്ഞെന്ന് വായനക്കാർ വിചാരിക്കുന്നുണ്ടോ? ഉണ്ടെങ്കിൽ അതു ശരിയായിരിക്കുകയില്ല. അയാൾ പിന്നീടും പല വീടുകളിലും മഷി കടഞ്ഞിരിക്കും. മനസ്സിന്റെ ശീലമാണത്. ഗൃഹനായിക തുടച്ചു കണ്ണാടി പോലെയാക്കിയിട്ട തറയിൽ ഇരുന്നിടത്തു നിന്ന് അനങ്ങാതെ കാർക്കിച്ചു തുപ്പുന്ന പല ഗൃഹനായകന്മാരെയും ഞാൻ കണ്ടിട്ടുണ്ട്. കാർക്കിക്കും, അങ്ങോട്ടുമിങ്ങോട്ടും നോക്കും. ഭാര്യയോ പിള്ളേരോ ഇല്ലെന്നു കണ്ടാൽ മുറിയുടെ മൂലയിലേക്കു ഒറ്റത്തുപ്പ്. ഈ മനസ്സിന്റെ ശീലവും ഒരിക്കലും മാറുകില്ല. എന്റെ വീട്ടിൽ പ്ലാസ്റ്റിക് നൂലുകൊണ്ടു തെങ്ങിന്റെ പൂക്കുല ഉണ്ടാക്കിവച്ചിട്ടുണ്ട്. കണ്ടാൽ കൃത്രിമ നിർമ്മാണമെന്നു തോന്നുകയേയില്ല. അടുത്ത കാലത്ത് എന്റെ വീട്ടിലെത്തിയ ഒരു മാന്യൻ സെറ്റിയിലിരുന്നുകൊണ്ട് വട്ടമേശപ്പുറത്തു വച്ചിരുന്ന ആ പൂക്കുലയുടെ ഓരോ പ്ലാസ്റ്റിക് പൂവും ഞെരടി ഞെരടി താഴെയിട്ടു. ഞാൻ ഒന്നും മിണ്ടിയില്ല. ഞെരടൽ മനസ്സിന്റെ ശീലമാണ്. ഇവയെല്ലാം തിന്മയാർന്ന ശീലങ്ങളാണ്. നന്മയുള്ള ശീലങ്ങളും ഉണ്ട്. ഈ ശീലങ്ങൾ വ്യക്തിയുടെ അബോധമനസ്സിൽ നിന്ന് ആവിർഭവിക്കുന്നവയാണെന്ന് ദാർശനികൻ ഷാക്ക് മാറീതങ് (Jacques Maritain, 1882–1973) പറഞ്ഞിട്ടുണ്ടെന്നാണ് എന്റെ ഓർമ്മ. ആരെക്കണ്ടാലും കൈകൂപ്പുന്ന ശീലമെനിക്കുണ്ടെന്ന് പി. കെ. ബാലകൃഷ്ണൻ എന്നെ അപമാനിച്ചെഴുതിയ ഒരു നോവലിൽ പറഞ്ഞിട്ടുണ്ട്. അദ്ദേഹം ചൂണ്ടിക്കാണിച്ച ആ ശീലം എന്റെ അബോധമനസ്സിന്റെ നന്മയാർന്ന മണ്ഡലത്തിൽനിന്ന് ഉദ്ഭവിക്കുന്നതാണ്.

ഉത്കൃഷ്ടങ്ങളായ ചെറുകഥകൾക്ക് ലളിതമായ ഉപരിതലം കാണും. ഈ ലളിതമായ ഉപരിതലത്തിലൂടെ സാഹിത്യ സംസ്കാരമാർജ്ജിച്ച വായനക്കാരൻ ആന്തരതലത്തിലേക്കു ചെല്ലും.

കലാസൃഷ്ടികൾ ഇതുപോലെ മനസ്സിന്റെ ശീലങ്ങളെന്ന മട്ടിൽ ആവിർഭവിച്ചാലേ സ്വാഭാവികങ്ങളായിരിക്കുകയുള്ളു. ഇക്കാലത്തെ വാരികകളിൽ വരുന്ന ചെറുകഥകൾ നോക്കുക. എല്ലാം ഒരേ മട്ടിലിരിക്കും. കറ അർത്ഥരഹിതങ്ങളായ വാക്യങ്ങൾ ആർഭാടത്തോടെ എഴുതിവയ്ക്കും. വായിച്ചുകഴിയുമ്പോൾ സാഹിത്യ പഞ്ചാനനൻ പറഞ്ഞപോലെ 'വാക്യധ്വംകൃതി' മാത്രം കാണും. അവ നമ്മുടെ ചെവികളിൽ മുഴങ്ങിക്കൊണ്ടിരിക്കും. കഥയെന്ത്? അതിലെ വിഷയമെന്ത്? ഭാവമെന്ത്? എന്നൊക്കെ മനസ്സിലാക്കണമെങ്കിൽ പിന്നെയും പിന്നെയും ആ വാക്യസാഗരത്തിൽ പലതവണ മുങ്ങിത്തപ്പണം. അപ്പോൾ മുത്തുകിട്ടില്ല, തീർച്ച. ഒരു ചിപ്പി കിട്ടിയാലായി. അത്രേയുള്ളു.



ഹെമിങ്‌വേ

കലാകൗമുദിയിൽ ശ്രീ. ബി. മുരളി എഴുതിയ 'തെർമോമീറ്ററിൽ പനിയിറങ്ങുന്നു' എന്ന ചെറുകഥ ഇതുപോലെ ഒന്നാണ്. ഒരു മേരിയും രവിയും തമ്മിലുള്ള ബന്ധമാണ് ഇതിൽ കാണുന്നത്. ചിരപരിചിതമായ വിഷയമെന്നു പറഞ്ഞാൽ മാത്രം പോരാ, ആന്റി ഡിലുവ്യയൻ വിഷയം. അതാവിഷ്കരിക്കുന്നതോ? ശബ്ദാടോപംകൊണ്ട്. ഒരിടത്തും ഭാവമില്ല. രൂപമാകെ വികലം. ഉത്കൃഷ്ടങ്ങളായ ചെറുകഥകൾക്ക് ലളിതമായ ഉപരിതലം കാണും; പ്രൗഢമായ ആന്തരതലം കാണും. ഈ ലളിതമായ ഉപരിതലത്തിലൂടെ സാഹിത്യസംസ്കാരമാർജ്ജിച്ച വായനക്കാരൻ ആന്തരതലത്തിലേക്കു ചെല്ലും. അതുകണ്ട് അയാൾ വിസ്മയാധീനനാകും. ഉദാഹരണങ്ങൾ ഹെമിങ്‌വേയുടെ കഥകൾ. മുരളി കഥയെഴുതി പരസ്യപ്പെടുത്തുന്നതിനു മുൻപ് ധാരാളം പടിഞ്ഞാറൻ കഥകൾ വായിച്ചു രചനയുടെ സ്വാഭാവം മനസ്സിലാക്കേണ്ടിയിരിക്കുന്നു.

> യേശുക്രിസ്തു: ജോൺ, നീ വളരെ പ്രായമായതിനുശേഷം സ്വാഭാവിക കാരണങ്ങളാൽ മരിക്കും. ജൂഡാസ്, നീ അത്തിമരങ്ങളിൽ നിന്ന് അകന്നുനില്ക്കണം. കാരണം നീ ഒരത്തിമരത്തിൽ തൂങ്ങിച്ചാകുന്ന കാലം അത്ര വിദൂരമല്ല എന്നതാണ്.
>
> —സാറാമാഗു

മൂന്ന് അർത്ഥങ്ങൾ



ഫ്ളാനറി ഓ കൊണർ

എനിക്കിഷ്ടമുള്ള കഥയെഴുത്തുകാരിയാണ് ഫ്ളാനറി ഓ കൊണർ (Flannery O'Connor, 1925–1964). അവരുടെ നിരൂപണങ്ങളും ഒന്നാന്തരങ്ങളാണ്. കഥയെഴുത്തിന്റെ തത്ത്വങ്ങളെക്കുറിച്ച് ഉപന്യസിക്കുന്ന സന്ദർഭത്തിൽ അവർ മധ്യകാല വ്യാഖ്യാതാക്കൾ വിശുദ്ധ ഗ്രന്ഥങ്ങളിൽ മൂന്നുതരത്തിലുള്ള അർത്ഥങ്ങളെ ചൂണ്ടിക്കാണിച്ചുതന്നത് നമ്മുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നു.

1. ലാക്ഷണികം (allegorical) ഒരു വസ്തുത മറ്റൊരു വസ്തുതയിലേക്കു കൈചൂണ്ടുന്നു.
2. സാന്മാർഗ്ഗിക വ്യാഖ്യാനപരം (tropological) മനുഷ്യൻ എന്തു ചെയ്യണമെന്ന് ഉപദേശിക്കുന്ന അർത്ഥവിശേഷമാണിത്.
3. ആധ്യാത്മിക വ്യാഖ്യാനപരം (anagogical) ഐശ്വരമായ ജീവിതത്തിൽ നമ്മൾ പങ്കുകൊള്ളണമെന്ന് ഉദ്ബോധിപ്പിക്കുന്ന അർത്ഥ വിശേഷമത്രേ ഇത്. ബൈബിളിനെ ലക്ഷ്യമാക്കിയാണ് അവർ ഇതു പറഞ്ഞത്. എങ്കിലും എല്ലാ സർഗ്ഗാത്മക പ്രവർത്തനങ്ങൾക്കും ഇതു യോജിക്കുമെന്ന് ഫ്ളാനറി ഓ കൊണർക്ക് അഭിപ്രായമുണ്ട്.

സാഹിത്യത്തിൽ രചനയ്ക്കു നിലനില്പു വേണമെങ്കിൽ രചയിതാക്കൾ ഈ മൂന്നർത്ഥ വിശേഷങ്ങളെയും പരിഗണിക്കണമെന്നാണ് അവരുടെ മതം.

നമ്മുടെ സാഹിത്യകാരന്മാർ എത്രുകണ്ട് ഇവയെ സ്വീകരിച്ചിട്ടുണ്ട് എന്നാലോചിക്കുന്നത് പ്രയോജനപ്രദമായിരിക്കും.

> ഉയരെ മേഘം നീങ്ങുന്നതും ചിലന്തി വല നെയ്യുന്നതും പട്ടി ചിത്രശലഭത്തിന്റെ പിറകേ പായുന്നതും പിടക്കോഴി മണ്ണു ചികിക്കോഴിക്കുഞ്ഞുങ്ങളെ നോക്കി ശബ്ദമുണ്ടാക്കുന്നതും കണ്ടാൽ മിക്കവാറും ആളുകൾ വൈകാരികമായ അസ്വസ്ഥതയ്ക്കു വിധേയരാകും. അവർ ആ കാഴ്ചകളാൽ മനസ്സ് പതറിയവരാകും.
>
> —സാറാമാഗു

□

എം. കൃഷ്ണൻ നായർ

തിരുവനന്തപുരത്ത് വി. കെ. മാധവൻ പിള്ളയുടെയും ശാരദാമ്മയുടെയും മകനായി 1923 മാർച്ച് 3-ന ശ്രീ എം. കൃഷ്ണൻ നായർ ജനിച്ചു. സ്കൂൾ വിദ്യാഭ്യാസത്തിനു ശേഷം തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളജിൽ നിന്ന് മലയാളത്തിൽ ബിരുദാനന്തര ബിരുദം നേടി. പഠനത്തിനു ശേഷം മലയാള സാഹിത്യാധ്യാപകനായി അദ്ദേഹം പല കലാലയങ്ങളിലും സേവനം അനുഷ്ഠിച്ചു. എറണാകുളം മഹാരാജാസ് കോളജിൽ നിന്നു മലയാള വിഭാഗം തലവനായി വിരമിച്ചു.

സാഹിത്യവാരഫലം

36 വർഷത്തോളം തുടർച്ചയായി അദ്ദേഹം എഴുതിയ (1969 മുതൽ മരണത്തിനു ഒരാഴ്ച്ച മുൻപു വരെ) സാഹിത്യവാരഫലം ഒരുപക്ഷേ ലോകത്തിലെ തന്നെ ഏറ്റവും കൂടുതൽ കാലം പ്രസിദ്ധീകരിച്ച സാഹിത്യ പംക്തി ആയിരിക്കും. മലയാളനാട് വാരികയിലാണ് അദ്ദേഹം തന്റെ പംക്തി എഴുതിത്തുടങ്ങിയത്. മലയാളനാട് നിന്നുപോയതിനു ശേഷം കലാകൗമുദി ആഴ്ചപ്പതിപ്പിലും അതിനു ശേഷം സമകാലിക മലയാളം വാരികയിലും സാഹിത്യ വാരഫലം പ്രസിദ്ധീകരിച്ചു. ലോകസാഹിത്യത്തിൽ അഗാധമായ അറിവുണ്ടായിരുന്ന അദ്ദേഹം തെക്കേ അമേരിക്ക മുതൽ യൂറോപ്പ് വരെയും, ആഫ്രിക്ക മുതൽ ജപ്പാൻ വരെയുമുള്ള എഴുത്തുകാരെ കേരളത്തിലെ വായനക്കാർക്കു പരിചയപ്പെടുത്തി. പാവ്ലോ നെരൂദ, മാർക്വേസ്, തോമസ് മാൻ, യസുനാരി കവബാത്ത തുടങ്ങിയ വിശ്വസാഹിത്യകാരന്മാരെ മലയാളികളുടെ വായനാമേശയിൽ എത്തിക്കുന്നതിൽ കൃഷ്ണൻ നായരുടെ പങ്കു ചെറുതല്ല.

സൗമ്യസ്വഭാവിയും ശാന്തനും ആതിഥ്യമര്യാദക്കാരനുമായിരുന്ന കൃഷ്ണൻ നായർ സാഹിത്യ വിമർശനത്തിൽ കർശനമായ മാനദണ്ഡങ്ങൾ അവലംബിച്ചു. രചിതാവിന്റെ പേരും പ്രശസ്തിയും അദ്ദേഹത്തിന് പ്രശ്നമായിരുന്നില്ല. കലാപരമായി ഔന്നത്യമുള്ള രചനകൾ മാത്രമാണ് സാഹിത്യമെന്നും മറ്റെല്ലാം വ്യർത്ഥവ്യായാമങ്ങളാണെന്നും അദ്ദേഹം ഉറച്ചു വിശ്വസിച്ചു. സ്വന്തം ലേഖനങ്ങളെപ്പോലും 'സാഹിത്യ പത്രപ്രവർത്തനത്തിന്റെയും ഏഷണിയുടെയും ഒരു അവിയൽ' എന്നു വിശേഷിപ്പിച്ച അദ്ദേഹം അനുബന്ധമായി, 'അതുകൊണ്ടാണല്ലൊ, ചുമട്ടുതൊഴിലാളികൾവരെയും 35 വർഷമായി സാഹിത്യ വാരഫലം വായിക്കുന്നത്' എന്നും കൂട്ടിച്ചേർത്തു. രസകരമായ രചനാശൈലിയും കുറിക്കു കൊള്ളുന്ന നർമവും മലയാളികളുടെ ജീവിത ശൈലിയെക്കുറിച്ചുള്ള നിശിതവും ഹാസ്യാത്മകവുമായ നിരീക്ഷണങ്ങളും സാഹിത്യ വാരഫലത്തെ വായനക്കാർക്കു പ്രിയങ്കരമാക്കി.

1995 ജൂൺ 25-ന് കലാകൗമുദി പ്രസിദ്ധീകരിച്ച കത്ത്.

അതിഗഹനമായ വായനയുടെ ഉടമയായിരുന്നു കൃഷ്ണൻ നായർ. ഓട്ടോറിക്ഷാ ഡ്രൈവർമാർ മുതൽ കോളേജ് പ്രൊഫസർമാർ വരെയും നവകവികൾ മുതൽ വിദ്യാർത്ഥികൾ വരെയും സാഹിത്യവാരഫലത്തിന്റെ പുതിയ ലക്കങ്ങൾക്കുവേണ്ടി കാത്തിരുന്നു. മലയാളസാഹിത്യത്തിൽ മൗലികതയുള്ള എഴുത്തുകാർ ഇല്ലെന്നും ടോൾസ്റ്റോയിയും തോമസ് മാനുമായി താരതമ്യപ്പെടുത്തുമ്പോൾ മലയാള സാഹിത്യകാരന്മാർ ബഹുദൂരം സഞ്ചരിക്കേണ്ടിയിരിക്കുന്നു എന്ന് അദ്ദേഹം വിശ്വസിച്ചു.

തിരുവനന്തപുരത്തെ സായാഹ്ന നടത്തക്കാർക്ക് പരിചിതനായിരുന്നു കൃഷ്ണൻ നായർ. ഇന്ത്യൻ കോഫി ഹൌസിലെ പതിവുകാരനായിരുന്ന അദ്ദേഹം തിരുവനന്തപുരത്തെ മോഡേൺ ബുക് സെന്ററിൽ സ്ഥിരം സന്ദർശകനും ഉപയുക്താവുമായിരുന്നു. സാഹിത്യരംഗത്തെ സേവനങ്ങൾക്ക് അദ്ദേഹത്തിനു ജി. കെ. ഗോയെങ്ക പുരസ്കാരം ലഭിച്ചു. കേരള യൂണിവേഴ്സിറ്റി ലൈബ്രറി അദ്ദേഹത്തിന്റെ രചനകൾക്കായി ഒരു പ്രദർശനം നടത്തി. അദ്ദേഹത്തിന്റെ ആദ്യ കാല ഉപന്യാസങ്ങളായ 'സ്വപ്നമണ്ഡലം' (1976), സൗന്ദര്യത്തിന്റെ സന്നിധാനത്തിൽ (1977), ചിത്രശലഭങ്ങൾ പറക്കുന്നു (1979), സാഹിത്യ വാരഫലത്തിന്റെ ആദ്യ പ്രതികൾ തുടങ്ങിയവ ഈ പ്രദർശനത്തിൽ ഉൾക്കൊള്ളിച്ചിരുന്നു.

ഫെബ്രുവരി 23, 2006-ൽ തിരുവനന്തപുരത്തെ ഒരു സ്വകാര്യ ആശുപത്രിയിൽ കൃഷ്ണൻ നായർ അന്തരിച്ചു. ന്യുമോണിയയും ഹൃദയത്തിലെ രക്തതടസ്സവുമായിരുന്നു മരണ കാരണം.

(ഈ ജീവചരിത്രക്കുറിപ്പിനും വാരഫലത്തിലെ ചിത്രങ്ങൾക്കും വിക്കിപ്പീഡിയയോട് കടപ്പാട്.)

പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണ ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <info@sayahna.org>.
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്കോ, ഈ വെബ് പേജിൽ കമ്മന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.